ഹദീസ്

അബ്ദുല്ലത്വീഫ് കൊടുവള്ളി

# നാടുമാറ്റമല്ല, നിലപാടുമാറ്റമാണ് ഹിജ്റ

عَنْ عَبْدِ الله بْنُ عَمْرو رَضِي الله عَنْه جَاءَ أَعْرَابِيّ جَاف جَرِيء فَقَالَ: يَارَسُول الله، أَيْنَ الْهِجْرَة؟ إِلَيْكَ حَيْثُمَا كُنْتَ، أَمْ إِلَى أَرْضٍ مَعْلُومَة، أَوْ لِقَوْم خَاصة، أَمْ إِذَا مِتَّ انْقَطَعَت؟ قَالَ: فَسكت رَسُول الله صَلى الله عَلَيْه وَسَلم سَاعَة، ثُم قَالَ: أَيْنَ السائِل عَن الْهِجْرة؟ قَالَ: هَا أنذا يَا رَسُول الله، قَالَ: إِذَا أَقَمْتَ الصلَاة وَآتَيْت الزَكَاةَ فَأَنْتَ مُهَاجِر، وَإِن مِتَّ بِالحضرمَة (مسند أحمد اسناده صحيح : المحدّث : أحمد شاكر)

**അബ്ദുല്ലാഹിബ്നു അംറി(റ)ൽനിന്ന്: ധീരനും പരുഷനുമായ ഒരു ഗ്രാമീണ അറബി നബി(സ)യെ സമീപിച്ച് ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, എങ്ങോട്ടാണ് ഹിജ്റ പോവേണ്ടത്? താങ്കൾ ഉള്ളേടത്തേക്ക് വരികയാണോ വേണ്ടത്? നിശ്ചിതമായ ഒരു ഭൂപ്രദേശത്തേക്ക് എത്തുകയാണോ? ഒരു നിശ്ചിത വിഭാഗത്തിനു മാത്രമേ ഹിജ്റ ബാധകമുള്ളൂ? അതോ താങ്കൾ മരിച്ചാൽ ഹിജ്റ അവസാനിച്ചുവോ? നബി(സ) കുറച്ചുനേരം മൗനിയായി. ശേഷം ചോദിച്ചു: 'ഹിജ്റയെക്കുറിച്ച് ചോദിച്ച ആൾ എവിടെ?' അയാൾ: 'അല്ലാഹുവിന്റെ ദൂതരേ, ഞാൻ ഇതാ, ഇവിടെ.' നബി(സ) പറഞ്ഞു: 'നീ നമസ്കാരം നിലനിർത്തുകയും സകാത്ത് നൽകുകയും ചെയ്താൽ നീ ഹിജ്റ ചെയ്തവനാണ്; നീ മരിക്കുന്നത് ഹദറമൗത്തിലാണെങ്കിലും' (മുസ്നദ് അഹ്മദ് 11/114).**

ഹിജ്റ എന്താണ് എന്ന ചോദ്യത്തിന്, നബി(സ) മക്കയിൽനിന്ന് മദീനയിലേക്ക് നടത്തിയ പലായനം എന്നതാണ് സാമാന്യമായി നൽകപ്പെടുന്ന ഉത്തരം. 'ആദർശ സംരക്ഷണത്തിനായി നടത്തുന്ന ദേശത്യാഗം' എന്ന നിർവചനവും ഹിജ്റക്കു പറഞ്ഞുവരുന്നുണ്ട്. സ്ഥലകാലബന്ധിയാണ് ഹിജ്റ എന്ന ധാരണയിൽനിന്നാണ് ഈ വിശദീകരണങ്ങൾ ഉണ്ടാവുന്നത്.

യഥാർഥത്തിൽ ഹിജ്റ എന്താണെന്നും അതിന്റെ മർമം എന്തിലാണെന്നും വിശദീകരിക്കുന്നതാണ് മേൽ ഹദീസ്. നബി(സ)യെ വന്നുകണ്ട ഗ്രാമീണനായ അറബി ഉന്നയിച്ചത് നാലു ചോദ്യങ്ങളാണ്:

1. നബി(സ) ഉള്ളേടത്തേക്ക് എവിടെയുമുള്ള സത്യവിശ്വാസികൾ ദേശത്യാഗം ചെയ്ത് എത്തിച്ചേരുകയാണോ വേണ്ടത്?

2. എല്ലാവരും വരേണ്ടതില്ല, ചിലർ മാത്രം എത്തിച്ചേർന്നാൽ മതിയോ?

3. ഒരു നിശ്ചിത ഭൂപ്രദേശത്തേക്ക് വരുന്നതിനാണോ ഹിജ്റ എന്നു പറയുക?

4. നബി(സ)യുടെ വിയോഗത്തോടെ ഹിജ്റ അവസാനിക്കുമോ, തുടരുമോ?

ചോദ്യങ്ങൾക്ക് നബി(സ) നൽകിയ മറുപടി മനസ്സിലാക്കാൻ ആദ്യം ഹിജ്റയുടെ അർഥവും ഇസ്ലാമിക വിവക്ഷയും മനസ്സിലാക്കണം.

'ഒരാൾ ശരീരം കൊണ്ടോ മനസ്സു കൊണ്ടോ നാവു കൊണ്ടോ മറ്റൊരാളിൽനിന്ന് വിട്ടുനിൽക്കുക' എന്നാണ് 'ഹജറ' എന്ന പദത്തിന്റെ കേന്ദ്രാശയം.

'വഹ്ജുറൂഹുന്ന ഫിൽ മദാജിഇ' (നിങ്ങൾ-ഭർത്താക്കന്മാർ- അവരു-ഭാര്യമാരു-മായി കിടപ്പറകളിൽ അകന്നുനിൽക്കുക -*അന്നിസാഅ്:* 34) എന്നാൽ ശാരീരിക അകലം പാലിക്കുക എന്നാണ് അർഥം.

'ഇന്ന ഖൗമീ ഇത്തഖദൂ ഹാദൽ ഖുർആന മഹ്ജൂറ' (തീർച്ചയായും എന്റെ ജനത ഈ ഖുർആനെ വെടിഞ്ഞുകളഞ്ഞു) എന്ന് *ഫുർഖാൻ* 30-ാം സൂക്തത്തിൽ. ഹൃദയം കൊണ്ട്, അഥവാ ഹൃദയം കൊണ്ടും നാവുകൊണ്ടും ഖുർആൻ വെടിഞ്ഞുകളഞ്ഞു എന്ന് ആശയം.

'വഹ്ജുർഹും ഹജ്റൻ ജമീലാ' (താങ്കൾ -നബി(സ)- അവരുമായി- ശത്രുക്കളുമായി- ഭംഗിയായ വിധത്തിൽ അകന്നുനിൽക്കുക) എന്ന സൂക്തം (*മുസ്സമ്മിൽ*: 10) ഹിജ്റയുടെ മൂന്നു തലങ്ങളെയും -ശാരീരികം, മാനസികം, വാചികം- ഉൾക്കൊള്ളുന്നു. 'വർറുജ്സ ഫഹ്ജുർ' (വിഗ്രഹത്തെ നീ വെടിയുക -*മുദ്ദസ്സിർ*: 5) എന്ന സൂക്തം എല്ലാ അർഥത്തിലുമുള്ള വെടിയലിനെയാണ് വിവക്ഷിക്കുന്നത്.

ഗ്രാമീണനായ അറബിയുടെ ചോദ്യങ്ങൾക്ക് ഉടൻ ഒന്നും പറയാതിരുന്ന നബി (സ), കുറച്ചു കഴിഞ്ഞ്, അയാൾ ഒരിക്കലും പ്രതീക്ഷിക്കാത്ത തരത്തിലുള്ള മറുപടിയാണ് നൽകിയത്. ഹിജ്റ എന്നാൽ സ്ഥലകാലവ്യക്തിബന്ധിതമല്ലെന്നും അത് ബഹുതലസ്പർശിയായ ഒരു ആശയമാണെന്നും തുടർന്ന് അവിടുന്ന് വിശദീകരിച്ചുകൊടുത്തു. നബി(സ) ജീവിച്ചിരിക്കുന്ന കാലത്ത് മാത്രവും മദീനയിലേക്കു മാത്രവും നടക്കുന്ന ഒരു പ്രക്രിയയുടെ പേരല്ല ഹിജ്റ എന്നും വ്യക്തികൾ ജീവിതത്തിൽ നിലവിൽ സ്വീകരിച്ചിരിക്കുന്ന നിലപാടുകളിൽനിന്ന് അല്ലാഹുവിന്റെയും നബി(സ)യുടെയും നിലപാടുകളിലേക്കുള്ള മാറ്റമാണ് ഹിജ്റയുടെ യഥാർഥ വിവക്ഷ എന്നുമാണ് ഹദീസിന്റെ കാതൽ. 'അല്ലാഹു വിലക്കിയത് സ്വയം വിലക്കുന്നവനാണ് മുഹാജിർ' എന്ന് മറ്റൊരു ഹദീസിൽ കാണാം: 'നീ നമസ്കരിക്കുകയും സകാത്ത് നൽകുകയുമാണെങ്കിൽ ഹദ്റമൗത്തിൽ വെച്ച് മരിച്ചാലും നീ മുഹാജിറായി പരിഗണിക്കപ്പെടും' എന്ന പരാമർശം ഹിജ്റയുടെ സ്ഥലകാലാതീതമായ അനന്ത സാധ്യതകൾക്കും ബഹുമുഖ മാനങ്ങൾക്കും അടിവരയിടുന്നു. ●